പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 106

26.09.2016 ൽ മറുപടി നൽകേണ്ടത്

## പോലീസ് സേനയിലെ ക്രിമിനൽ പശ്ചാത്തലമുള്ളവർ

| ചോദ്യം<br>ശ്രീ. വി. കെ.സി. മമ്മത് കോയ | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| എ) പോലീസ് സേനയിലെ ക്രിമിനൽ പശ്ചാത്തലമുള്ളവരുടെ കണക്കുകൾ ശേഖരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;<br>ബി) അത്തരത്തിലുള്ള എത്ര പേർ സേനയിലുണ്ടെന്ന് വിശദമാക്കുമോ; | എ& ബി)<br>പോലീസ് സേനാംഗങ്ങൾ ക്രിമിനൽ കേസുകളിൽ പ്രതികളായി ഉൾപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽ പ്പെട്ടിട്ടുള്ളതും അവരുടെ കണക്കുകൾ പോലീസ് ആസ്ഥാനത്ത് സർക്കുലർ നം. 29/2011 തീയതി 09.09.2011 പ്രകാരം 01.07.2011 മുതൽ ശേഖരിച്ച് വരുന്നുണ്ട്. സംസ്ഥാന ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ കണക്ക് പ്രകാരം നിലവിൽ ക്രിമിനൽ കേസുകളിൽ പ്രതികളായി ഉൾപ്പെട്ടിട്ടുള്ള 872 പേർ പോലീസ് സേനയിൽ ഉണ്ട്. |
| സി) സേനയിൽ തുടരുമ്പോഴും ക്രമ-വിരുദ്ധ പ്രവർത്തികളിൽ ഏർപ്പെടുന്ന ഇത്തരക്കാരെ മാറ്റി നിർത്തി അന്വേഷണം നടത്തുന്നതിനും മാതൃകാപരമായ നടപടികൾ സ്വീകരിക്കുന്നതിനും തയ്യാറാകു-മോയെന്ന് വ്യക്തമാക്കുമോ? | സി) ക്രിമിനൽ കേസുകളിൽ പ്രതികളാകുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ, കുറ്റകൃത്യത്തിന്റെ കാഠിന്യം അനുസരിച്ച് സർവ്വീസിൽ നിന്നും മാറ്റി നിർത്തുന്ന-തുൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിക്കുന്നതോടൊപ്പംതന്നെ, വകുപ്പുതല അച്ചടക്കനടപടികളും സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ